(ഡി) പിന്നോക്ക വിഭാഗക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് എന്നത്തേക്ക് നിലവിൽ വരും ?

ഉത്തരം

(എ&ബി) 16-10-1999 ലെ ജി.ഒ.(എം.എസ്) 93/99 പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പുതിയ വകുപ്പിന്റെ ഘടനയും ചുമതലകളും എന്തായിരിക്കണമെന്ന് പഠിക്കാൻ ഒരു സ്പെഷ്യൽ ഓഫീസറേയും ചില ഉദ്യോഗസ്ഥരേയും ഉടനെ നിയമിക്കുന്നതാണ്.

(സി) വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റും യഥാസമയം നൽകുന്നതുൾപ്പെടെയുള്ള എല്ലാ ക്ഷേമപ്രവർത്തനങ്ങളും ഈ വകുപ്പ് മുഖേന നടപ്പാക്കും.

(ഡി) സ്പെഷ്യൽ ഓഫീസറെ നിയമിച്ച്, അദ്ദേഹത്തിന്റെ നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

മറ്റ് പിന്നോക്കസമുദായക്കാർക്ക് ആനുപാതിക തൊഴിൽ സംവരണം അനുവദിക്കാൻ നടപടി

2(905) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മറ്റ് പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുന്ന ഗണകൻ, കണിയാൻ, കണിശൻ, കണ്ണശ്ശൻ, കണിയാർ പണിക്കർ, കളരിക്കുറുപ്പ്, കളരിപ്പണിക്കർ, സല്യയ, എഴുത്താശ്ശാൻ എന്നീ സമാന്തരവിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമായി ഗവൺമെന്റ് എന്തെങ്കിലും ക്ഷേമ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോ ;

(ബി) ഇവർക്ക് ആനുപാതിക തൊഴിൽ സംവരണം അനുവദിക്കാൻ ആലോചന ഉണ്ടോ ;

(സി) ഇവരുടെ പാരമ്പര്യതൊഴിലുകളായ ജ്യോതിഷം, വൈദ്യം എന്നിവ കൈകാര്യം ചെയ്യുന്ന സമുദായാംഗങ്ങൾക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കുമോ ; ഇവർക്ക് വാർദ്ധക്യകാല പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മേൽപ്പറഞ്ഞ സമുദായങ്ങളുടെ ഉന്നമനം ഉറപ്പാക്കാൻ പിന്നോക്ക സമുദായ കോർപ്പറേഷൻ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇവർക്ക് പ്രാതിനിധ്യം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) ദേവസ്വം ബോർഡ് ദേവാലയങ്ങളിൽ ഈ സമുദായാംഗങ്ങളായ ദൈവജ്ഞരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജ്യോതിഷം, വൈദ്യം ഇവ തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള സമുദായാംഗങ്ങൾക്ക് ബാദ്ധ്യ സാക്ഷ്യപത്രം കൊടുക്കാനുള്ള അവകാശം കേരള ഗുരുക്ഷേത്ര സമാജത്തിന് നൽകുമോ ; അതിന് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വല്ല നിർദ്ദേശവുമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം വായ്പാ പദ്ധതികൾ എല്ലാ പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്കും നൽകുന്നുമുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വാർദ്ധക്യകാല പെൻഷന് അർഹരായ എല്ലാപേർക്കും ഇപ്പോൾത്തന്നെ ലഭ്യമാണ്. ക്ഷേമപദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വേ

3(906) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിനായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ ഏതൊക്കെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly